# SAMPLE QUESTION PAPER - 2016-2017
# CLASS - X

SET - 4

**Series**

Code No. **12**

Roll No. | | | | | | |

Candidates must write the Code on the title page of the answer-book

- Please check that this question paper contains 6 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Plaease check that this question paper contains **7** questions.
- **Please write down the Serial Number of the question before attempting it**
- 15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

SUMMATIVE ASSESSMENT - II

# മലയാളം
# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* *ആകെ മാർക്ക് : 90*

*Time allowed : 3 hours* *Maximum Marks : 90*

The Question paper is divided into four sections:

| | |
|---|---|
| Section A : Reading Comprehension | 10 marks |
| Section B : Writing | 14 marks |
| Section C : Grammar | 18 marks |
| Section D : Literature | 48 marks |

## SECTION A/ എ വിഭാഗം

**1. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.**

സാഹിത്യവും ശാസ്ത്രവും തമ്മിൽ അതിർവരമ്പുകൾ വരയ്ക്കേണ്ടതില്ലെന്ന് നിശ്ചയിച്ച ശാസ്ത്രാവബോധമുള്ള സാഹിത്യകാരനായിരുന്നു എൻ.വി. കൃഷ്ണവാര്യർ. സാഹിത്യത്തിലെ മൂല്യങ്ങളെ ശാസ്ത്രജ്ഞനും സയൻസിലെ നവീനധാരകളെ സാഹിത്യകാരനും ഉൾകൊ ് പരസ്പരംപോഷകങ്ങളാക്കി അവരെ മാറ്റണം എന്നതായിരുന്നു അദ്ദേഹത്തിന്റെ കാഴ്ച്ചപ്പാട്. പണ്ഡിതൻ, കവി, നിരൂപകൻ, അധ്യാപകൻ, പത്രപ്രവർത്തകൻ, സ്വാതന്ത്ര്യസമരഭടൻ, എന്നീ നിലകളിലൊക്കെ അംഗീകാരവും ആദരവും നേടിയ ഈ പ്രതിഭയ്ക്ക് ഏറ്റവും പ്രിയപ്പെട്ട പേര് ശാസ്ത്രസാഹിത്യകാരൻ എന്നതായിരുന്നു. ശാസ്ത്രീയ ചിന്തകളെ സാധാരണക്കാർക്കും പരിചയപ്പെടുത്തി കൊടുക്കുവാനുള്ള ഉത്സാഹത്തോടൊപ്പം ശാസ്ത്രബോധവും യുക്തിചിന്തയും അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും നിർമ്മാർജ്ജനം ചെയ്യുമെന്ന ഉറച്ചവിശ്വാസവും ശാസ്ത്രലേഖനങ്ങളെഴുതാൻ എൻ.വി. യെ പ്രേരിപ്പിച്ചു. 1957 ൽ ആരംഭിച്ച ശാസ്ത്രസാഹിത്യ സമിതി, കോഴിക്കോട്ടെ കേരളസാഹിത്യവേദി, തിരുവനന്തപുരത്തെ പ്രകൃതി സംരക്ഷണസമിതി, എന്നീ സംഘടനകൾക്ക് തുടക്കമിടാനും, നേതൃത്വം നൽകാനും, എൻ.വിക്ക് കഴിഞ്ഞതും ഈ മനോഭാവം കാരണമാണ്.

i. സാഹിത്യവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എൻ.വിയുടെ കാഴ്ച്ചപ്പാട് എന്തായിരുന്നു? (2)

ii. എൻ.വി ആദരവും അംഗീകാരവും നേടിയെടുത്ത മേഖലകൾ ഏതൊക്കെയാണ്? (2)

iii. ശാസ്ത്രലേഖനങ്ങളെഴുതാൻ എൻ.വി ക്ക് പ്രേരകമായത് എന്തായിരുന്നു? (2)

iv. ശാസ്ത്രസാഹിത്യസമന്വയത്തിനുവേ ി എൻ.വി. നേതൃത്വം നൽകിയ സംഘടനകൾ ഏതൊക്കെ? (2)

v. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക? (2)

## SECTION B/ ബി വിഭാഗം

2. എ) ഏതെങ്കിലും ഒരു വിഷയത്തെകുറിച്ച് ര ് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ( 7)

i. മാറിക്കൊ ിരിക്കുന്ന ഭക്ഷണശീലവും ആരോഗ്യപ്രശ്നങ്ങളും

ii. മതസൗഹാർദ്ദത്തിന്റെ ആവശ്യകത

iii. സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനം യുവതലമുറയിൽ

ബി) നിങ്ങളുടെ വിദ്യാലയത്തിനുസമീപമുള്ള ലഹരിവസ്തുക്കളുടെ വിൽപ്പനയ്ക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊ ് എക്സൈസ് കമ്മീഷണർക്ക് ഒരു കത്ത് തയ്യാറാക്കുക. (7)

## SECTION C/ സി വിഭാഗം

3. എ) പ്രയോഗം മാറ്റുക (2 X 1 =2)

i. ഒരു കോൺ ഐസ്ക്രീമിനാൽ അവൾ സന്തോഷിപ്പിക്കപ്പെട്ടു.

ii. നജീബ് സൈനുവിന് കത്ത് എഴുതും

ബി) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിക്കുക (1)

i. ഇവിടെയുള്ള ജോലിത്തിരക്കുകാരണം കത്തെഴുതാൻപോലും പറ്റിയില്ല.

സി) വാക്യത്തിൽ തെറ്റുെ ങ്കിൽ തിരുത്തുക. (1)

i. കുറേ നേരം സ്റ്റിയറിംഗ് വീലിൽ തലവെച്ച് അയാൾ അനങ്ങാനാവാതെ നിശ്ചല നായി ഇരുന്നു.

ഡി) പിരിച്ചെഴുതി സന്ധിനിർണ്ണയിക്കുക. (2X1=2)

ii. ഗന്ധമാണ്

iii. കിട്ടിയപ്പോൾ

ഇ) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക (2X1=2)

ശ. ഏഴെട്ട്

ശശ. നിസംഗ നോട്ടം

4) ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം എടുത്തെഴുതുക.

എ) പര്യായപദങ്ങൾ എഴുതുക (2X1=2)

ശ) വിശപ്പ് (ക്ഷുത്ത്, ഉദരം, പശി, വയർ)

ശശ) വഞ്ചി (യാനം, ശകടം, തോണി, നൗക)

ബി) വിപരീതപദമെഴുതുക (2X1=2)

i. യാഥാർത്ഥ്യം (അയഥാർത്ഥ്യം, സങ്കൽപ്പം, അർത്ഥം, നിയഥാർത്ഥ്യം)

ii. ഏകം (ബാഹ്യം, അനേകം, നാകം, വിനേകം)

സി) നാനാർത്ഥപദം എഴുതുക (2X1=2)

ശ. വേല (ജോലി, പാത, സൂത്രം, മതിൽ)

ശശ. അംഗം (കൂട്ടത്തിലൊരാൾ, യുദ്ധം, മടിത്തട്ട്, അവയവം)

ഡി) അർത്ഥവ്യത്യാസം എഴുതുക (2X1=2)

ശ. കുശലം – കൗശലം (സൂത്രം, ക്ഷേമാന്വേഷണം, കൗതുകം, കയ്യിലിരുപ്പ്)

ശശ. ഉദ്ദേശ്യം – ഉദ്ദേശം (ഏകദേശം, ഉദ്യോഗം, ലക്ഷ്യം, നിരന്തരം)

ഇ) എതിർലിംഗ പദമെഴുതുക (2X1=2)

ശ. ധൂർത്തൻ (ധൂർത്തി, ധൂർത്ത, ധൂർത്തിനി, ധൂർത്തിക)

ശശ. ദരിദ്ര (ദരിദ്രി, ദരിദ്രക, ദരിദ്രൻ, ദാരിദ്രകൻ)

## SECTION D/ ഡി വിഭാഗം

5. ബ്രാക്കറ്റിൽ നിന്നും ഉത്തരം എടുത്തെഴുതുക (8X 1/2 =4)

i. 'ഒരുമണവുമില്ലാത്ത ഒരു ജീവിയേ മസറയിലു ായിരുന്നുള്ളൂ'

– ഏതായിരുന്നു ആ ജീവി? (ഒട്ടകം, ചെമ്മരിയാട്, നജീബ്, അർബാബ്)

ii. ‘എന്തൊക്കെയോ നഷ്ടപെട്ട ഒരാൾ’ ഏത് സാഹിത്യവിഭാഗത്തിൽപെടുന്നു?
(നോവൽ, നാടകം, നോവലൈറ്റ്, ചെറുകഥ)

iii. വൈലോപിള്ളി ശ്രീധരമേനോന്റെ ആത്മകഥ ഏത്?
(കാവ്യലോക സ്മരണകൾ, ശ്രീരേഖ, കവിയുടെ കാൽപാടുകൾ, വിത്തും കൈകോട്ടും)

iv. അക്കിത്തത്തിന് കേന്ദ്ര കേരള സാഹിത്യ അക്കാദമി അവാർഡ് നേടികൊടുത്ത കൃതിയേത്?
(ആലഞ്ഞാട്ടമ്മ, ബലിദർശനം, ഇടിഞ്ഞുപൊളിഞ്ഞലോകം,
ഇരുപതാം നൂറ്റാ ിന്റെ ഇതിഹാസം)

v. മുറ്റത്ത് നിത്യവും വിടരുന്ന മുക്കുറ്റിക്ക് ഇതൾ എത്രയെന്നറിയാതെ അമ്പത്തൊമ്പത് വർഷങ്ങൾ കഴിഞ്ഞത് ഓർക്കുമ്പോൾ കവിക്കു ാകുന്ന ഭാവം എന്ത്?
(ദു:ഖം, അഭിമാനം, അമ്പരപ്പ്, അത്ഭുതം)

vi. ‘ഉന്മൂലനാശന കാരണമാകിയ ദുർമതിവീരൻ’– എന്ന് പാഠഭാഗത്ത് പറഞ്ഞിരിക്കുന്നത് ആരെയാണ്?
(കർണ്ണൻ, ശകുനി, കൃഷ്ണൻ, ദുര്യോധനൻ)

vii. ഗാന്ധാരിവിലാപം മഹാഭാരതത്തിലെ ഏത് പർവ്വത്തിലുള്ളതാണ്.
(കർണ്ണപർവ്വം, സ്ത്രീ പർവ്വം, ശാന്തിപർവ്വം, ശല്യപർവ്വം)

viii. ആസാം പണിക്കർ അന്യനാട്ടിലേക്കു പോകുന്നത് എന്തിനാണ്?
(സ്ഥലം കാണാൻ, നാടുപിടിച്ചടക്കാൻ, വിശപ്പടക്കാൻ, കൊള്ള നടത്താൻ)

6. ഉത്തരമെഴുതുക (4X4=16)

i. ‘യാഥാർത്ഥ്യങ്ങൾ വെളിപെടുത്താൻ മാത്രമല്ല ഒളിച്ചുവെക്കാനും ഭാഷക്ക് കഴിയും’ – ആടുജീവിതത്തിൽ നജീബ് സൈനുവിനെഴുതുന്ന കത്തിനെ അടിസ്ഥാനമാക്കി വ്യാഖ്യാനിക്കുക.

ii. ‘ലോകൊത്തൊരാളും ഒരു അപരിചിതനെ ഇത്രയധികം ശപിച്ചുകാണില്ല’– ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നു?

iii. വിരുദ്ധമായ ജീവിതാവസ്ഥകളുടെ ആവിഷ്കാരമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയുടെ ഭാവതലത്തെ ശക്തമാക്കുന്നത്. വിശദമാക്കുക?

iv. ‘അയാൾക്ക് വീട്ടിനുള്ളിലേക്ക് കയറാനേ തോന്നിയില്ല’– ആർക്ക്? എന്താവാം കാരണം?

ബി) (4x4=16)

i. ‘മതിയായില്ലേ നിനക്കേകാന്ത നിദ്രാണത്വം’ – ആര് ആരോട് എപ്പോൾ ചോദിച്ചതാണിത്? മറുപടിയെന്തായിരുന്നു?

ii. ‘കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രെ നിനക്ക് രസമെടോ’ – സന്ദർഭം വിശദമാക്കുക.

iii. മലനാടിനെ മധുര ദർശനമാക്കുന്ന കാഴ്ച്ചകൾ എന്തൊക്കെയാണ്?

iv. കർണ്ണന്റെ പ്രതാപത്തെ ഗാന്ധാരി സ്മരിക്കുന്നതെങ്ങനെ?

7) ഏതെങ്കിലും ര ു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക? (2X6=12)

i. സ്വാമികളുടെ അഹിംസാ നിർവ്വചനത്തെകുറിച്ച് വിശദമാക്കുക.

ii. ചട്ടമ്പിസ്വാമികളുടെ ജീവിത സന്ദേശത്തെകുറിച്ച് ചുരുക്കി വിവരിക്കുക.

iii. ചട്ടമ്പിസ്വാമികളും കുമ്പളത്ത് ശങ്കുപിള്ളയുമായുള്ള ബന്ധം വിശദമാക്കുക.